# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5133** **28.10.2016** -ൽ മറുപടിക്ക്

## ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണം

ചോദ്യം | മറുപടി

ഡോ.എൻ.ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ചരിത്രപരമായി വളരെ പ്രാധാന്യമുള്ള വസ്തുവകകൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, ട്രഷർ ട്രോവ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് ചരിത്ര പ്രാധാന്യമുള്ള വസ്തുവകകൾ ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. കൂടാതെ ചരിത്രമൂല്യമുള്ള പുരാരേഖകൾ സംരക്ഷിക്കുന്നതിനായി കമ്മ്യൂണിറ്റി ആർക്കൈവ്സ് എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാശേഖരങ്ങൾ ഏറ്റെടുത്ത് സംരക്ഷിച്ച് ടി വ്യക്തികൾക്ക് നൽകുകയും അവയുടെ ഡിജിറ്റൽ പകർപ്പ് വകുപ്പിൽ സൂക്ഷിക്കുകയും ചെയ്യുന്നു. |
| (ബി) | നാടിന്റെ ചരിത്രവും പൗരാണികതയും നശിച്ചുപോകാതെ സംരക്ഷിക്കുന്നതിനായി ഇത്തരം നിർമ്മിതികളുടെയും ഗ്രന്ഥങ്ങളുടെയും താളിയോലകളുടെയും ഡാറ്റാബേസ് തയ്യാറാക്കുമോ ? | (ബി) | 1968 ലെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച സ്മാരകങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു. പുരാവസ്തുക്കളെ രാസസംരക്ഷണ പ്രക്രിയകളെ പുരാതന നിർമ്മിതികളെ ഘടനാസംരക്ഷണ പ്രക്രിയകൾ വഴിയും സംരക്ഷിക്കുന്നു. ചരിത്രപ്രാധാന്യമുള്ള പുരാരേഖകളായ ഗ്രന്ഥങ്ങളുടെയും താളിയോലകളുടേയും ഡാറ്റാബേസ് തയ്യാറാക്കുന്നത് സംബന്ധിച്ച പദ്ധതി ആവിഷ്കരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**